# മില്ലത്തിന്റെ സവിശേഷത

ഗ്രന്ഥകർത്താവ്: ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹി)
ഗ്രന്ഥം: ഫദ്‌ലുൽ ഇസ്‌ലാം
വിവർത്തനം: അബ്ദുൽ ജബ്ബാർ അബ്ദുല്ല

---

അല്ലാഹുﷻ പറഞ്ഞു:

﴿ يَٰٓأَهۡلَ ٱلۡكِتَٰبِ لِمَ تُحَآجُّونَ فِيٓ إِبۡرَٰهِيمَ وَمَآ أُنزِلَتِ ٱلتَّوۡرَىٰةُ وَٱلۡإِنجِيلُ إِلَّا مِنۢ بَعۡدِهِۦٓۚ أَفَلَا تَعۡقِلُونَ ﴾

﴿വേദക്കാരേ, ഇബ്രാഹീമിന്റെ കാര്യത്തിൽ നിങ്ങളെന്തിനാണ് തർക്കിക്കുന്നത്? തൗറാത്തും ഇൻജീലും അവതരിപ്പിക്കപ്പെട്ടത് അദ്ദേഹത്തിനു ശേഷം മാത്രമാണല്ലോ. നിങ്ങളെന്താണ് ചിന്തിക്കാത്തത്?﴾ (വി. ക്വു. ആലു ഇംറാൻ: 65)

﴿ وَمَن يَرۡغَبُ عَن مِّلَّةِ إِبۡرَٰهِـۧمَ إِلَّا مَن سَفِهَ نَفۡسَهُۥۚ وَلَقَدِ ٱصۡطَفَيۡنَٰهُ فِي ٱلدُّنۡيَاۖ وَإِنَّهُۥ فِي ٱلۡأٓخِرَةِ لَمِنَ ٱلصَّٰلِحِينَ ﴾

﴿സ്വന്തം ആത്മാവിനെ മൂഢമാക്കിയവനല്ലാതെ മറ്റാരാണ് ഇബ്രാഹീമിന്റെ മാർഗത്തോട് വിമുഖത കാണിക്കുക? ഇഹ ലോകത്തിൽ അദ്ദേഹത്തെ നാം വിശിഷ്ടനായി തെരഞ്ഞെടുത്തിരിക്കുന്നു. പരലോകത്ത് അദ്ദേഹം സജ്ജനങ്ങളുടെ കൂട്ടത്തിൽ തന്നെയായിരിക്കും.﴾ (വി. ക്വു. അൽ ബക്വറഃ: 130)

അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«إِنَّ آلَ أَبِي يَعْنِي فُلَانًا لَيْسُوا لِي بِأَوْلِيَاءَ ، إِنَّمَا أَولِيَائِي الْمُتَّقُونَ»

((നിശ്ചയം, അബീ ഫുലാൻ കുടുംബം എനിക്ക് മിത്രങ്ങൾ അല്ല. എന്റെ മിത്രങ്ങൾ മുത്തകീങ്ങൾ മാത്രമാകുന്നു.)) [1]

അനസ്‌(റ)വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽﷺയോട് ചില സ്വഹാബികളെ കുറിച്ച് പറയപ്പെട്ടു. ഒരാൾ പറഞ്ഞു: ഞാൻ മാംസം കഴിക്കുകയില്ല. മറ്റൊരാൾ പറഞ്ഞു: ഞാൻ രാത്രി നമസ്കരിക്കും, ഉറങ്ങുകയില്ല. മൂന്നാമൻ പറഞ്ഞു: ഞാൻ വിവാഹം കഴിക്കുകയില്ല. നാലാമൻ പറഞ്ഞു: ഞാൻ എന്നെന്നും നോമ്പെടുക്കും. അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

لَكِنِّى أَصُومُ وَأُفْطِرُ ، وَأُصَلِّى وَأَرْقُدُ وَأَتَزَوَّجُ النِّسَاءَ ، فَمَنْ رَغِبَ عَنْ سُنَّتِى فَلَيْسَ مِنِّى

[1] ബുഖാരി, മുസ്‌ലിം, മുസ്നദ് അഹ്മദ്.

((എന്നാൽ ഞാൻ നോമ്പെടുക്കുന്നു, നോമ്പ് മുറിക്കുന്നു. രാത്രി നമസ്കരിക്കുന്നു, ഉറങ്ങുകയും ചെയ്യുന്നു. വിവാഹം കഴിക്കുകയും ചെയ്യുന്നു. എന്റെ സുന്നത്തിൽ നിന്ന് ആര് വിമുഖനായോ അവൻ എന്നിൽ പെട്ടവനല്ല.)) [2]

താങ്കൾ ശ്രദ്ധിക്കുക, ഇബാദത്ത് എടുക്കുവാനായി ഒഴിഞ്ഞിരിക്കുവാൻ ചില സ്വഹാബികൾ ഉദ്ദേശിച്ചപ്പോഴാണ് പ്രവാചകൻﷺ ഇത്ര കടുത്ത സംസാരം നടത്തിയത്. ഈ പ്രവൃത്തിക്ക് സുന്നത്തിനോട് മുഖം തിരിക്കൽ എന്നാണ് പേര് പറയപ്പെട്ടത്. സ്വഹാബികളിൽനിന്ന് സംഭവിച്ചപ്പോഴാണ് ഈ കടുത്ത സംസാരം ഉണ്ടായത്. അപ്പോൾ അവരല്ലാത്തവർ ഇതല്ലാത്ത മറ്റു ബിദ്അത്തുകൾ ചെയ്യുന്നതിനെ കുറിച്ച് താങ്കൾ എന്താണ് വിചാരിക്കുന്നത്?

---

[2] ബുഖാരി, മുസ്‌ലിം.